# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-308/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-308/2023 തീയ്യതി: 17/04/2023

## ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-04-2022 മുതൽ 11-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 13-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മധുസൂദനൻനായർ എം.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മേജോ കെ. ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീ. ബിനുമോൻ കെ. സി, ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സിബി എബ്രഹാം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അജി കെ.തോമസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.റോയ് ടി. ചാക്കോ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ബിനുമോൻ കെ.കെ | കൃഷി ഓഫീസർ | 01-04-2021 | 20-01-2022 |
| ശ്രീമതി. പ്രിൻസി ജോൺ ജെ | കൃഷി ഓഫീസർ | 21-01-2022 | 31-03-2022 |
| ഡോ.വിജി ആർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഷേർളി മാത്യു | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 03-05-2021 |
| ഡോ.ഷിനു നൈനാൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 04-05-2021 | 06-09-2021 |
| ഡോ.ബിനു കെ.ജോൺ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 07-09-2021 | 31-03-2022 |
| ഡോ.രശ്മി എസ്.കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ജീന കെ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീജ ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.സാജു ഫിലിപ്പ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.ലിജിൻ രാജീവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 06-07-2021 |
| ശ്രീമതി.അഞ്ജലി പി | അസിസ്റ്റന്റ് എഞ്ചിനിയർ | 07-07-2021 | 31-03-2022 |
| ശ്രീമതി മിനിമോൾ കെ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ജോൺസൺ എം.വി | ഫിഷറീസ് സബ് ഇൻപെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആൻസി ടി.യോഹന്നാൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 21-11-2021 |
| ശ്രീമതി സ്നേഹ സേവ്യർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 22-11-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പട്ടികജാതി വികസനഫണ്ട് ചെലവ് 58.63 ശതമാനം മാത്രം | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 33.49 ശതമാനം മാത്രം - 48.96 ലക്ഷം ലാപ്സായി | 1-3-2 |
| 6 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 74.26 ശതമാനം മാത്രം - 6.24 ലക്ഷം ലാപ്സായി | 1-3-3 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ബാദ്ധ്യത ശീർഷകങ്ങളിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-3-4 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-5 |
| 9 | പദ്ധതി അവലോകനം | 1-4 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1-6 |
| 12 | ക്യാഷ് പരിശോധന | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | വാർഷിക കണക്കുകളുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-9-1 |
| 15 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-9-2 |
| 16 | ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-9-3 |
| 17 | നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല | 1-9-4 |
| 18 | വസ്തു നികുതി - ഡി.സി.ബി. വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-9-5 |
| 19 | തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ - 2022-23ലെ വികസന ഫണ്ടിൽ ₹80,610/-യുടെ കുറവിന് സാധ്യത | 1-9-6 |
| 20 | ഇ-പേയ്മെന്റ് മുഖേന ഒടുക്കിയ തുക അക്കൗണ്ടിൽ ലഭ്യമായില്ല | 1-10 |
| 21 | 250 ചതുരശ്ര മീറ്ററിന് മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-11 |
| 22 | കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല | 1-12 |
| 23 | തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയം നടത്തി | 1-13 |
| 24 | ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല | 1-14 |
| 25 | ഉയർന്ന നിരക്കുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയതിനാൽ ധന നഷ്ടം | 1-15 |
| 26 | തൊഴിലുറപ്പ് പദ്ധതി - സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ | 1-16 |
| 27 | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |

| ഭാഗം **3** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹21,98,702/- മുന്നിരിപ്പും ₹22,07,96,000/- വരവും ₹22,09,12,800/- ചെലവും ₹20,81,902/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം ഭരണ സമിതിയുടെ 22.02.2021ലെ യോഗത്തിലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചല്ല ബജറ്റ് പരിഷ്കരിച്ചത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.02.2022ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 14.03.2022-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹21,98,702/- മുന്നിരിപ്പും ₹27,64,28,065/- വരവും ₹27,63,75,800/- ചെലവും ₹22,50,967/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് 1-2 തീരുമാന പ്രകാരം അംഗീകാരം നേടി.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2021-22-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും.

യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 14.07.2022 | - | - |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 21261610 | 21261610 | 18379204 | | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11818400 | 11818400 | 6929479 | | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1442701 | 1442701 | 1296587 | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 6338766 | 6338766 | 4608549 | 1730217 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 13815929 | 13815929 | 6013843 | 7802086 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 10865442 | 10865442 | 8068538 | | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 10528524 | 10528524 | 3526353 | | |
| ആർ.ജി.പി.എസ്.എ. | 0 | 197698 | 197698 | 197698 | 0 | |
| സമ്പൂർണ്ണ ശുചിത്വം | 2587095 | 181046 | 2768141 | 0 | 2768141 | |
| ഐ.സി.ഡി.എസ്. | 1045869 | 1243438 | 2289307 | 1280703 | 1008604 | |
| പഠ്ന ലിഘ്ന അഭിയാൻ | 0 | 17950 | 17950 | 17950 | 0 | |
| ശുചിത്വമിഷൻ | 3574752 | 0 | 3574752 | 213750 | 3361002 | |
| കൃഷി വകുപ്പ് | 357706 | 0 | 357706 | 0 | 357706 | |
| ആയുർവ്വേദ വകുപ്പ് | 93600 | 0 | 93600 | 0 | 93600 | |
| രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | 73288 | 0 | 73288 | 0 | 73288 | |
| മൈലാട്ടുംപാറ-ആലിയാനി കുടിവെള്ള പദ്ധതി | 0 | 645132 | 645132 | 645132 | 0 | |
| ചെല്ലാർകോവിൽ ഗാന്ധിനഗർ എസ്.സി. കോളനി കുടിവെള്ള പദ്ധതി | 0 | 782491 | 782491 | 782491 | 0 | |
| എസ്.ഡി.ആർ.എഫ് | 124338 | 224338 | 348676 | 0 | 348676 | |

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് (₹) | | ആകെ ലഭിച്ച ഫണ്ട് (₹) |
|---|---|---|---|---|
| | | 2020-21 ക്യാരി ഓവർ (പകുതി) | വോട്ടിംഗ് മെഷീൻ തുക തിരികെ | |
| വികസനഫണ്ട് (ജനറൽ) | 20216000 | 1045610 | 0 | 21261610 |
| വികസനഫണ്ട് (SCP) | 10705000 | 1113400 | 0 | 11818400 |
| വികസനഫണ്ട് (TSP) | 1334000 | 108701 | 0 | 1442701 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 10757000 | 108442 | 0 | 10865442 |
| മെയിന്റനൻസ് ഗ്രാന്റ് – ഡിതരം | 10126000 | 328296 | 74228 | 10528524 |

1-3-1 പട്ടികജാതി വികസനഫണ്ട് ചെലവ് 58.63 ശതമാനം മാത്രം

2020-21ലെ ക്യാരി ഓവർ തുക ₹11,13,400/- ഉൾപ്പെടെ പട്ടികജാതി വികസന ഫണ്ട് വിഹിതമായ

₹1,18,18,400/-യിൽ 2021-22 സാമ്പത്തിക വർഷം ₹69,29,479/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിൽ ₹6,85,269/- ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതാണ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പരമാവധി 80 ശതമാനം ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഫണ്ടിന്റെ 58.63 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹25,25,241/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | 2022-23 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക ₹ |
|---|---|---|---|---|---|
| 11818400 | 6929479 | 4888921 | 58.63 | 2363680 | 2525241 |

1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 33.49 ശതമാനം മാത്രം - 48.96 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുക ₹3,28,296/-, വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹74,228/- എന്നിവ ഉൾപ്പെടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,05,28,524/-ൽ 2021-22 സാമ്പത്തിക വർഷം ₹35,26,353/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 33.49 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പരമാവധി 80% ചെലവഴിക്കാത്ത അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹48,96,466/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 10528524 | 3526353 | 7002171 | 33.49 | 2105704.8 | 4896466.2 |

1-3-3 റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 74.26 ശതമാനം മാത്രം - 6.24 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുക ₹1,08,442/- ഉൾപ്പെടെ റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,08,65,442/-ൽ 2021-22 സാമ്പത്തിക വർഷം ₹80,68,538/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 74.26 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പരമാവധി 80 ശതമാനം ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹6,23,816/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 10865442 | 8068538 | 2796904 | 74.26 | 2173088.4 | 623815.6 |

### 1-3-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ബാദ്ധ്യത ശീർഷകങ്ങളിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡ്ഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | തുക (₹) |
|---|---|---|
| 1 | 320100152 | 12587 |
| 2 | 320300103 | 282 |
| 3 | 320300199 | 754151 |
| 18 | 350200301 | 112176 |

മുൻ വർഷങ്ങളിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി-ബാദ്ധ്യത പത്രികയിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത വ്യക്തമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-3-5 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം ₹ | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 21261610 | 3036824 | 1708200 | 16516586 |
| വികസനഫണ്ട് (SCSP) | 11818400 | 685269 | 0 | 11133131 |
| വികസനഫണ്ട് (TSP) | 1442701 | 164573 | 0 | 1278128 |

2. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

### 1-4 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 7.14 കോടി അടങ്കലിൽ 151 പ്രോജക്കുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 92.36 ലക്ഷം രൂപ അടങ്കലിൽ 26 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2021 ഏപ്രിൽ മാസം പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം, സംയുക്ത പ്രോജക്കുകൾ, മറ്റ് വിഹിതങ്ങൾ എന്നിവ ഉൾപ്പെടുത്തി പുതിയ പ്രോജക്കുകളും ഏറ്റെടുത്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 204202657 | 189 | 73088502 | 0 | 95 | 66.55 |

വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16.02.2021 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 07.02.2021 - 12.02.2021 |

| | |
|---|---|
| വികസന സെമിനാർ | 16.02.2021 |
| കരട് പദ്ധതി രേഖയുടെ അംഗീകാരം | 17.02.2021 (1-5) |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 16.02.2021 |
| വികസന രേഖ അംഗീകാരം | 16.02.2021 (1-2) |
| ഭരണ സമിതിയുടെ അംഗീകാരം | 16.02.2021 (1-1) |
| സ്പിൽ ഓവർ പ്രോജക്ടുകളുടെ അംഗീകാരം | 24.05.2021 (2-3) & 13.08.2021 (1-2) |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 29.09.2021 (3-1) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് പകരം മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2021-22ൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

ഗ്രാമസഭ യോഗങ്ങൾ 10.02.2021 മുതൽ കൂടിയിട്ടുണ്ട്. എന്നാൽ, ഗ്രാമസഭ പ്രദേശത്തെ വികസനങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് പകരം കരട് പദ്ധതി രേഖ അതേപടി അവതരിപ്പിച്ച് അംഗീകരിക്കുക മാത്രമാണ് എല്ലാ വാർഡുകളിലും ചെയ്തിട്ടുള്ളത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ പിരിധിയിൽ വരുന്ന പ്രോജക്ടുകൾ ശുപാർശ ചെയ്തിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

20.42 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 7.31 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 284 പ്രോജക്ടുകളിൽ 66.55 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. പട്ടികജാതി വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റുകൾ എന്നിവ ഉപയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളിൽ പകുതിയും നടപ്പാക്കിയില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 12 | 92.31 | 2814700 | 1215787 | 43.19 |
| വെറ്ററിനറി സർജൻ | 10 | 9 | 90 | 3849600 | 1742360 | 45.26 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 1 | 1 | 100 | 900000 | 899076 | 99.9 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 100 | 800000 | 600000 | 75 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 3 | 100 | 950000 | 950000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 100 | 1599000 | 203068 | 12.7 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 4 | 66.67 | 2902076 | 2209930 | 76.15 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 7 | 70 | 6803705 | 6073588 | 89.27 |
| സെക്രട്ടറി | 41 | 33 | 80.49 | 19605281 | 14004115 | 71.43 |
| ഹെഡ്മാസ്റ്റർ | 5 | 4 | 80 | 607214 | 503648 | 82.94 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 172 | 94 | 54.65 | 72142803 | 22732437 | 31.51 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100 | 2000000 | 1964493 | 98.22 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 16 | 94.12 | 89228278 | 19990000 | 22.4 |
| ആകെ | 284 | 189 | 66.55 | 204202657 | 73088502 | 35.79 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 221 പ്രോജക്ടുകളിൽ 149 എണ്ണം നടപ്പാക്കി. പൊതു വിഭാഗത്തിൽ ചെലവ് 35.59 ശതമാനമാണ് ചെലവ്. പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച 48 പ്രോജക്ടുകളിൽ 28 മാത്രമാണ് നടപ്പാക്കിയത്. പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 15 പ്രോജക്ടുകളിൽ 12 പ്രോജക്ടുകളും നടപ്പാക്കി. പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് കേവലം 22.77 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ 66.41 ശതമാനവുമാണ്. വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവെച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 36 | 26 | 72.22 | 12363300 | 5325708 | 43.08 |
| സേവനം | 163 | 97 | 59.51 | 167273909 | 51204948 | 30.61 |
| പശ്ചാത്തലം | 85 | 66 | 77.65 | 24565448 | 16557846 | 67.4 |
| ആകെ | 284 | 189 | 66.55 | 204202657 | 73088502 | 35.79 |

ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭകൾ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമസഭകളുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കൃത്യമായ ഇടവേളകളിൽ ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിലും പദ്ധതി പുരോഗതി കാര്യമായി നേടുന്നതിന് സാധിച്ചിട്ടില്ല. കൃഷി, മൃഗസംരക്ഷണ മേഖലകളിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 90 ശതമാനവും നടപ്പാക്കിയെങ്കിലും പദ്ധതി ചെലവ് 45 ശതമാനത്തിൽ താഴെയാണ്. പ്രോജക്ടുകൾക്കായി അനുവദിച്ച തുകകൾ കൃത്യമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്തത് സംബന്ധിച്ച് 07.09.2021, 12.11.2021, 10.12.2021, 03.01.2021, 17.02.2021 തീയതികളിലെ യോഗങ്ങളിൽ ചർച്ച ചെയ്യുകയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തെങ്കിലും ഭാഗികമായി മാത്രമാണ് പദ്ധതി പൂർത്തീകരിച്ചത്. വെറ്റിംഗും ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭിച്ചതുമായ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 05.07.2021, 13.10.2021, 12.11.2021, 10.12.2021 തീയതികളിൽ നിർദ്ദേശം നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 54 ശതമാനം മാത്രമാണ് പൂർത്തീകരിച്ചത്. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി പുരോഗതി വിലയിരുത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ₹6,23,816/-യും റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ ₹48,96,466/-യും ലാപ്സായി. കൂടാതെ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ ചെലവ് കേവലം 58.63 മാത്രമായതിനാൽ ₹25,25,241/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന വികസന ഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും. സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ലാപ്സായി പോകാതെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 175 | 1167929 | 1168104 | 1166624 | 1480 |

| | | | | | |
|---|---|---|---|---|---|
| അവിദഗ്ദ തൊഴിലാളികളുടെ കൂലി | 0 | 8221990 | 8221990 | 8221990 | 0 |
| വിദഗ്ദ തൊഴിലാളികളുടെ കൂലി | 0 | 522040 | 522040 | 522040 | 0 |
| സാധനങ്ങൾ | 0 | 3496000 | 3496000 | 3496000 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6240 | 3 |
| വാർദ്ധക്യകാല പെൻഷൻ | 28790200 | 2127 |
| കർഷക തൊഴിലാളി പെൻഷൻ | 2591000 | 181 |
| വിധവ പെൻഷൻ | 18212400 | 1276 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 140800 | 11 |
| വികലാംഗ പെൻഷൻ | 4063100 | 292 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16,571/-(പതിനാറായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടും തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച കാരണം 2021-22 സാമ്പത്തിക വർഷാവസാനം 38.16 ലക്ഷം രൂപ കുടിശ്ശിക

വന്നിട്ടുണ്ട്. തനത് വരുമാനത്തിന്റെ 90 ശതമാനം പിരിച്ചെടുക്കാൻ സാധിക്കാത്തതിനാൽ 2022-23ലെ പൊതുവിഭാഗം വികസന ഫണ്ടിൽ ഒരു ശതമാനത്തിന്റെ കുറവുണ്ടാവും.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും ഇടപെടലുകൾ നടത്തിയിട്ടില്ല. അതിനാൽ, പദ്ധതി ചെലവ് 50 ശതമാനത്തിൽ താഴെയാണ്. അപാകതകൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-9-1 വാർഷിക കണക്കുകളുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

### 1-9-2 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകളും വർക്ക് ഷീറ്റുകളും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

### 1-9-3 ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | തുക(₹) |
|---|---|---|---|
| B-9 Other Liabilities | 350300102 | Government And Other Dues Payable-Poor Home Cess | 341 |
| | 350300103 | Government And Other Dues Payable-Value Added Tax | 4347 |
| | 350300111 | Government And Other Dues Payable-Flood Cess | 365 |

| | 350300112 | Government And Other Dues Payable-Value Of Court Fee Stamp | 1860 |
|---|---|---|---|

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും തുകകൾ യഥാസമയം ബാദ്ധ്യതയിൽ നിന്നും ക്രമീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൊടുത്ത് തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒടുക്കി രേഖകൾ പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്.

1-9-4 നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ്വെയർ/ILGMS പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ 31.03.2021-ൽ പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളതും തൻവർഷ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളതും 2022 മാർച്ച് മാസമാണ് (31.03.2022). സാമ്പത്തിക വർഷം വരവുകൾ അസസ്സ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി-നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-9-5 വസ്തു നികുതി - ഡി.സി.ബി. വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ (സഞ്ചയ) തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി (ഗാർഹികം) തൻവർഷം | 2689465 | 2063835 | 635760 | 2703673 | 2142258 | 561631 |
| വസ്തുനികുതി (ഗാർഹികം) കുടിശിക | 447350 | 303126 | 144224 | 658070 | 319844 | 338810 |
| വസ്തുനികുതി (ഗാർഹികേതരം) തൻവർഷം | 4381793 | 3239691 | 1142102 | 4381525 | 3263371 | 1118133 |
| വസ്തുനികുതി (ഗാർഹികേതരം) കുടിശിക | 2391581 | 353289 | 1894012 | 1615073 | 338274 | 1276914 |

വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിനും വാർഷിക കണക്കിലെയും രജിസ്റ്ററിലെയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-6 തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ - 2022-23ലെ വികസന ഫണ്ടിൽ ₹80,610/-യുടെ കുറവിന് സാധ്യത

2021-22 വാർഷിക ധനകാര്യ പത്രിക അനുസരിച്ച് വസ്തു നികുതി, വാടക എന്നീ ഇനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യ പത്രികയുടെ ബി-15 പത്രിക പ്രകാരം 38.21 ലക്ഷം കുടിശ്ശികയുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ാം വകുപ്പ് അനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വരുമാനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ചുവടെ

കൊടുക്കുന്നു.

| നികുതി-നികുതിയിതര വരുമാനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|
| തൻവർഷം | 14337773 | 12350123 | 1777862 | 86 |
| കുടിശിക | 2849031 | 661515 | 2043236 | 23 |
| ആകെ | 17186804 | 13011638 | 3821098 | 76 |

വസ്തുനികുതിയുടെ കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻ വർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽ നിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക 2022-23 മുതൽ കുറവ് ചെയ്യുമെന്ന് 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022/ഫിൻ. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബജറ്റ് രേഖകൾ പ്രകാരം 2022-23ലെ വികസന ഫണ്ട് സാധാരണ വിഹിതം ₹80,61,000/-യാണ്. ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം (₹80,610/-) 2022-23 വർഷം റവന്യൂ പിരിവിലെ അനാസ്ഥ മൂലം നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

1-10 ഇ-പേയ്മെന്റ് മുഖേന ഒടുക്കിയ തുക അക്കൗണ്ടിൽ ലഭ്യമായില്ല

വസ്തു നികുതി ഇനത്തിൽ ഇ-പേയ്മെന്റ് മുഖേന/ഒടുക്കിയ ചുവടെ ചേർത്തിട്ടുള്ള തുകകൾ ഐ.കെ.എം. പേയ്മെന്റ് ഗേറ്റ് വേ സ്റ്റാറ്റസ് പ്രകാരം 21/10/2022ന് പഞ്ചായത്തിന്റെ എസ്.ബി.ഐ., അണക്കര ശാഖയിലെ അക്കൗണ്ടിലേക്ക് (ഐ.എഫ്.എസ്.സി. കോഡ് SBIN0070784, അക്കൗണ്ട് നം. C/A 37292863822) ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ലഭ്യമായിട്ടില്ല.

| ക്രമ നം | ഐ.കെ.എം. പേയ്മെന്റ് ഗേറ്റ് വേ ട്രാൻസാക്ഷൻ ഐ.ഡി | സഞ്ചയയിലെ ട്രാൻസാക്ഷൻ ഐ.ഡി | തുക |
|---|---|---|---|
| 1 | PG06072210214401 | 20221000126926 | 756 |
| 2 | PG06072210212478 | 20221000125033 | 500 |
| 3 | PG06072210212391 | 20221000124946 | 378 |
| 4 | PG06072210212178 | 20221000124739 | 1024 |
| 5 | PG06072210212083 | 20221000124648 | 640 |
| 6 | PG06072210211861 | 20221000124426 | 944 |
| 7 | PG06072210211789 | 20221000124355 | 732 |
| 8 | PG06072210211711 | 20221000124278 | 282 |
| 9 | PG06072210210618 | 20221000123191 | 1858 |
| 10 | PG06072210210589 | 20221000123161 | 258 |
| 11 | PG06072210210536 | 20221000123108 | 258 |
| | | ആകെ | 7630 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.2/15.02.2023)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഐ.കെ.എം.-നെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇ-പേയ്മെന്റ് മുഖേന ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കാലതാമസമില്ലാതെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ വെബ്സൈറ്റുകൾ തമ്മിൽ സംയോജനമില്ലാത്തത് നിലവിലെ പരിശോധന ദുഷ്കരമാക്കുന്നതിന് പരിഹാരമായി ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് ഐ.കെ.എം.-മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 250 ചതുരശ്ര മീറ്ററിന് മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതത് പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്.

250 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 126 എണ്ണമാണുള്ളത്. തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ) |
|---|---|---|
| 8/319/എ | പി. എസ്. തോമസ്, പാറക്കാകുഴി വീട്, രാജാക്കണ്ടം, നെറ്റിത്തൊഴ | 263.62 |
| 11/103/എ | വർഗ്ഗീസ്, താഴത്തേടത്ത്(വീട്), പുറ്റടി | 271.62 |
| 9/442/ബി | ജിൻസ് എബ്രഹാം, ചേരംചേരിൽ, നെറ്റിത്തൊഴ പി.ഒ | 525.89 |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിന് മുകളിലുള്ള 126 കെട്ടിടങ്ങളും പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവ ഉപയോഗിച്ച് തറ നിർമ്മിതി നടത്തിയിരിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും ചുമത്താവുന്ന 15% വർദ്ധന ചുമത്തി നികുതി നിർണ്ണയിക്കേണ്ടതാണ്.

1-12 കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല

2021-22ലെ ലൈസൻസ് അപേക്ഷകൾ വസ്തു നികുതി നിർണ്ണയ രേഖകളുടെ അടിസ്ഥാനത്തിൽ (ഫോം 6) പരിശോധിച്ചതിൽ ലൈസൻസിലെ ഉപയോഗ ക്രമത്തിന് ആനുപാതികമായി ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് ബാധകമാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നികുതി നിരക്കാണ് ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | ഡി.&ഒ. രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീറ്ററിന്) | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീറ്ററിന്) | ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീറ്ററിന്) |
|---|---|---|---|---|---|---|---|---|
| 1 | 63 | മാനേജിംഗ് പാർട്നെർ ,പ്ളാന്റേഴ്സ് പോയിന്റ് | 1/304 | വ്യാപാരം | 180 | 40 | 52 | 12 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 111 | മാനേജിംഗ് ഡയറക്ടർ,ഗ്രീൻ ഗോൾഡ് കാർഡമം പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് | 4/411 എ | വ്യാപാരം | 267.5 | 38 | 52 | 14 |
| 3 | 283 | റ്റി.റ്റി ജോസ് | 1/180 | വ്യാപാരം | 235 | 40 | 52 | 12 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 3/15.02.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം തറ വിസ്തീർണ്ണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണമാണ്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർവരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹38/- നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹52/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ച താഴെ പറയുന്ന, 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്, 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) (ച.മീ) | ബാധകമാക്കിയ അടിസ്ഥാന നികുതി നിരക്ക് | ബാധകമാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|
| 1 | 3/533 ശ്രീ. ജെയിംസ് സേവ്യർ, കൊമ്പനാംതോട്ടം, പുളിയൻമല (നികുതി പ്രാബല്യത്തിൽ വരുന്നത് 2013 -14 ഒന്നാം അർദ്ധവർഷം മുതൽ) | 126 | 38 | 52 |

നികുതി പുനർ നിർണ്ണയിക്കുവാനുള്ള നടപടി സ്വീകരിച്ച് കുറവ് വന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-14 ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് തുക കൈമാറിയെങ്കിലും ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.

| പ്രോജക്ട് നം. & പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ലഭ്യമാക്കി വിതരണം ചെയ്യുവാനുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|
| പ്രോജക്ട് നം. 29/2021-22, ഹോമിയോ | മെഡിക്കൽ ഓഫീസർ, | 4,00,000 | NEFT മുഖേന സ്ഥാപനത്തിന്റെ | - | 4,00,000 |

| | | | | | |
|---|---|---|---|---|---|
| ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങൽ | ഹോമിയോ | | 34306403911 (ഐ.എഫ്. എസ്.സി. കോഡ് SBIN 0012873) നമ്പർ അക്കൗണ്ടിലേക്ക് 28.12.21-ൽ ട്രാൻസ്ഫർ ചെയ്തു | | |

ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമാക്കി വിതരണം ചെയ്യേണ്ടതാണ്.

## 1-15 ഉയർന്ന നിരക്കുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയതിനാൽ ധന നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ സ്റ്റെയർകേസ് സ്ഥാപിച്ചിട്ടുണ്ട്. ആയതിന് Price-ലെ സ്പെസിഫിക്കേഷൻ കോഡ് 10.25.1 നൽകേണ്ടതിന് പകരം 10.16.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 10.25.1 പ്രകാരം ₹97.85/kg നിരക്ക് നൽകേണ്ടിടത്ത് 10.16.1 സ്റ്റീൽ ട്രസ്സ് വർക്കിന് ബാധകമായ നിരക്ക് ₹134.21/kg അനുവദിച്ചിരിക്കുന്നു. കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടുത്തി 2016-DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

| ക്രമ നം. | പദ്ധതി, എം. ബുക്ക് നം., കോൺട്രാക്ടർ | ബിൽ നം., തുക | എം. ബുക്കിൽ രേഖപ്പെടുത്തിയ സ്റ്റെയർ കേസിന്റെ അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | 12% GST അടക്കം അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | ഫാക്ടറിപ്പടി അംഗൻവാടിക്ക് മേൽക്കൂര നിർമ്മാണം (232/22), 65/LID&EW/ AEE/Ktp/21-22, ബാബു എം.ജി. | 21100852014001319415/ 14.03.22 ₹108715/- | 204.034 Kg. , (ഇനം 1, എം.ബുക്ക് പേജ് നം. 12 -15, 19 ) | 27383.40 (204.034x 134.21) | 19964.73 (204.034x 97.85) | 8309 |
| 2 | പുളിയൻമല അംഗൻവാടിക്ക് മേൽക്കൂര നിർമ്മാണം (243/22), 60/LID&EW/ AEE/Ktp/21-22, ബാബു എം.ജി. | 21100852014000979102/ 19.01.22 ₹121027/- | 243.963 Kg. , (ഇനം 5, എം.ബുക്ക് പേജ് നം. 7 -12,18 ) | 32742.27 (243.963 X134.21) | 23871.78 (243.963 X97.85) | 9935 |
| | | | | | ആകെ | 18244 |

യഥാർത്ഥത്തിൽ ആവശ്യമായ ഇനത്തിന് പകരം ഉയർന്ന നിരക്കുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ട്. പ്രസ്തുത വിവരം അസി. എഞ്ചിനീയറെ അറിയിച്ചതിന് (ഓഡിറ്റ് എൻക്വയറി നം.1/15.02.2023) മറുപടിയായി അധികം നൽകിയ തുക കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. അധികമായി നൽകിയ തുക ₹18,244/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 തൊഴിലുറപ്പ് പദ്ധതി - സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ഷെഡ്യൂൾ 1-ലെ ഖണ്ഡിക 25 (A), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2017-ലെ ഭേദഗതി) ഷെഡ്യൂൾ II-ലെ സെക്ഷൻ 22(iv) എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി നടത്തുന്ന ഓരോ സൈറ്റിലും പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക്

മനസ്സിലാക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന 'സജസ്റ്റീവ് ഫ്രെയിം വർക്ക് (സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആന്റ് വാൾ റൈറ്റിംഗ്സ്)' മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 3(2) പ്രകാരം വ്യക്തിഗത പ്രവൃത്തികൾക്ക് 2 X 3 അടിയും പൊതു പ്രവൃത്തികൾക്ക് 3 X 4 അടിയും കുറഞ്ഞത് 10 വർഷമെങ്കിലും നിലനിൽക്കുന്ന രീതിയിലുമുള്ള ബോർഡുകളാണ് സ്ഥാപിക്കേണ്ടത്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് (CIB) സ്ഥാപിക്കലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നടപ്പാക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിരിക്കുന്നു

തൻവർഷം വണ്ടന്മേട് ഗ്രാമപഞ്ചായത്തിൽ 66 വ്യക്തിഗത പ്രവൃത്തികളും 37 പൊതു പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. അതിൽ 28 പ്രവൃത്തികളിൽ CIB സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ഉറപ്പിച്ചിട്ടില്ല.

2 X 3 ബോർഡിന് ₹1,289/-യും 3 X 4 ബോർഡിന് ₹1,489/-യുമാണ് അനുവദിച്ചിരിക്കുന്നത്. മണ്ണിൽ കുത്തിവെച്ചിരിക്കുന്നതും ഭിത്തിയിൽ/മരത്തിൽ ചാരിവെച്ചിരിക്കുന്നതുമായ രീതിയിലാണ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇക്കാര്യങ്ങളിൽ മോണിട്ടറിംഗ് നടത്താതെയാണ് ബില്ല് തയ്യാറാക്കിയിരിക്കുന്നത്. മണ്ണിൽ ഉറപ്പിക്കാത്തതിനാൽ ഡി.എസ്.ആർ. ഡാറ്റയിലെ ക്രമ നം. 1, 2 എന്നിവ ഒഴികെയുള്ള ഇനങ്ങൾ മാത്രമാണ് ബോർഡ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ നടത്തിയിട്ടുള്ളത്.

പ്രവൃത്തികളിൽ സൈറ്റ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ തുക നൽകിയിട്ടില്ലെന്നും ബോർഡുകളുടെ ചുവട് ഉറപ്പിച്ചതിന് ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂവെന്നും ഗ്രാമ പഞ്ചായത്തിൽ നിന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ മറുപടി അംഗീകരിക്കുന്നു. മാത്രമല്ല ബ്രിക് ഉപയോഗിച്ചുള്ള നിർമ്മാണത്തിന്റെ എസ്റ്റിമേറ്റും നിരക്കും ആണ് സജസ്റ്റീവ് ഫ്രെയിം വർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി ഫെറോസ്ലാബ് ഉപയോഗിച്ചുള്ള നിർമ്മിതിക്ക് ഉപയോഗിക്കുന്ന വസ്തുവിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നിരക്ക് കണക്കാക്കിയാണ് ടെണ്ടർ/ക്വട്ടേഷൻ നടത്തി ബോർഡ് സ്ഥാപിക്കേണ്ടത്. ബോർഡുകൾ ഉത്തരവിൻ പ്രകാരം ഉറപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തൻവർഷം പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) സ്ഥാപനം മാത്രമായ SILK മുഖേന നേരിട്ട് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയാണ് പദ്ധതിയിലൂടെ ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹1436500/- (വികസനഫണ്ട് എസ്.സി.പി.) |
| ബിൽനമ്പർ, തുക | 21100852013901493364, തീ. 30.03.2022, ₹943404/-<br>21100852013901493372, തീ. 30.03.2022, ₹471702/- |

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.12.2021ലെ 6(1) നമ്പർ തീരുമാനപ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), KEL എന്നീ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും കുറഞ്ഞ എസ്റ്റിമേറ്റ് സമർപ്പിച്ച (₹157234/per Unit) Silk-ന്റെ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ ജോലികൾ നേരിട്ട് Silk-ന് നൽകുകയും ചെയ്തു.

09.01.2017-ലെ സ.ഉ.(അച്ചടി)നം.142/2017/ധന., 04.07.2019-ലെ സ.ഉ.(അച്ചടി)നം.77/2019/ധന. എന്നിവ പ്രകാരം SILK-ന് ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനും

മാത്രമാണ് അനുമതിയുള്ളത്. 24.04.2019-ലെ 33/2019/ധന. സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഭരണ വകുപ്പുകൾ അക്രെഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ SILK നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നേരിട്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ കൊണ്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 171500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (52/2022) | 171500 | 0 |
| | 2020-21 | 2079645 | ലൈഫ് ഭവനപദ്ധതി ടി.എസ്.പി. (25/2022) | 95040 | 1984605 |
| | 2021-22 | 1000000 | ക്രിമറ്റോറിയം നിർമ്മാണം – ബ്ലോക്ക് വിഹിതം | 0 | 1000000 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (52/2022) | 200000 | 0 |
| | 2021-22 | 1000000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (42/2022) | 1000000 | 0 |
| | 2020-21 | 6381000 | ലൈഫ് ഭവന പദ്ധതി മൂന്നാംഘട്ടം ഭൂരഹിത-ഭവനരഹിതർക്കുള്ള സ്ഥലം വാങ്ങൽ ജനറൽ (282/2022) | 1600000 | 4131000 |
| | | | ലൈഫ് ഭവന പദ്ധതി മൂന്നാംഘട്ടം ഭൂരഹിത-ഭവനരഹിതർക്കുള്ള സ്ഥലം വാങ്ങൽ എസ്.സി.പി. (284/2022) | 650000 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹4,40,000/- വരവുണ്ട്.

2021-22ൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻവർഷ ത്തേത് ഉൾപ്പെടെ) | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർ ഷത്തെ വായ്പ തുക | ആകെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺലൈഫ് ഭവന പദ്ധതി | - | 54340410 | 46830667 | 440000 | 47270667 | 3886666 | 0 | 43384001 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2712500.00 |
| തൻവർഷം നിക്ഷേപിച്ച തുക | 0.00 |
| ആകെ | 2712500.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2712500.00 |

സ്ഥിര നിക്ഷേപത്തിന് 31.03.2022 വരെ ലഭിക്കേണ്ട പലിശയായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,30,563/- 31.03.2022ലെ 42100724 ജേണൽ വൌച്ചർ പ്രകാരം വാർഷിക 420700101 ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഒരു വർഷത്തെ പലിശയാണ് കണക്കാക്കിയിട്ടുള്ളത്). പലിശ സഹിതം ആകെ സ്ഥിര നിക്ഷേപം ₹29,43,063/- ആണ്.

| എഫ്. ഡി. നം. | നിക്ഷേപ തുക ₹ | പലിശ |
|---|---|---|
| 0237 | 1085000 | 92225 |
| 0238 | 1627500 | 138338 |
| ആകെ | 2712500 | 230563 |

എന്നാൽ, തുക പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. എഫ്. ഡി. നമ്പർ 0238 21.10.2022നും 0237 22.10.2022നും പുതുക്കേണ്ടതായിരുന്നു. എന്നാൽ, നാളിതുവരെ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ തുക പിൻവലിക്കുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി ചെറിയ നിക്ഷേപങ്ങൾ പുതുക്കാത്തതിനാൽ 21.10.2022 മുതലുള്ള പലിശ നഷ്ടമാകുന്ന സാഹചര്യമാണുള്ളത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നം. I.193, നെടുങ്കണ്ടം (പോളിസി സർട്ടിഫിക്കറ്റ് നം.0237, പലിശ 8.5%)) | 22.10.2020 | രണ്ട് വർഷം | 1627500 | 22.10.2022 ന് ഡ്യൂ ആയെങ്കിലും പുതുക്കിയിട്ടില്ല |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നം. I.193, നെടുങ്കണ്ടം (പോളിസി സർട്ടിഫിക്കറ്റ് നം.0238, പലിശ 8.5%) | 21.10.2020 | രണ്ട് വർഷം | 1085000 | 21.10.2022 ന് ഡ്യൂ ആയെങ്കിലും പുതുക്കിയിട്ടില്ല |
| ആകെ | | | | 2712500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹10,226/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-14 | 2294 | പോൾ പി.എം | 1210100844/02.12.2021 |
| 1998-99 | 21C, 23, 24 | 2732 | സാമ്പുക്കുട്ടൻ നായർ കെ.പി, സെക്രട്ടറി | 1210100956/14.12.2021 |
| 2018-19 | 1-14 | 100 | ശിവനേശ്വരി | 1210100957/14.12.2021 |
| 2017-18 | 2-2 | 5100 | മാനേജർ, കർമ്മീലിയ ഹെവൻ | 1210100940/10.12.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹5,68,920/- |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് ₹3,50,000/- |
| 2015-16 | 4-1-5 | - | - | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നികുതി, നികുതിയേതര വരുമാനങ്ങൾ പൊരുത്തപ്പെടാത്ത കണക്കുകൾ |
| 2016-17 | അനുബന്ധം-3 | 2014-15 | 2-1 | വസ്തുനികുതി – അപാകതകൾ |
| 2016-17 | അനുബന്ധം-5 | 2015-16 | 2-1 | തൊഴിൽനികുതി – അപാകതകൾ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

– – ഇല്ല – –

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം./ തീയതി | തുക ₹ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1998-99 | 20എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 785 | | | | | | 785 | |
| | 21എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 120 | ₹120/- രസീത് നം. 1131100193, 1131100194/ 17.04.2013 | | | | 120 | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 21ബി | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 600 | ₹600/- രസീത് നം. 1131100191, 1131100192/ 17.04.2013 | | | | 600 | | |
| | 21 സി | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 720 | | | | | | 720 | |
| | 23 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 625 | | | | | | 625 | |
| | 24 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 4248 | | | | | | | 4248 |
| | 26 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 170 | | 170 | | | 170 | | |
| | 27-എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 4940 | | | | | | 4940 | |
| | 27(ബി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(സി) | 20 എ 1998-99 ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(ഡി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 3469 | | | | | | 3469 | |
| | 29 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 34 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 1183 | | | | | | 1183 | |
| 1999-00 | 22 | ശ്രീ. സാബുകുട്ടൻ നായർ സെക്രട്ടറി | LF.22209 Spl.Cell/ SC.2/ 2005 01.11.2006 | 900 | ₹900/- രസീത് നം. 49/6436/ 18.09.08/ 17.04.13 | | | | 900 | | |
| 1999-00 | 26 | ശ്രീ. സാബുകുട്ടൻ നായർ | LF.12365 Spl.Cell/ CSC/C1/ | 6840 | | | | | | 6840 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | സെക്രട്ടറി | 2003<br>01.08.2003 | | | | | | | | |
| 2001-02 | 2-2 | ശ്രീമതി. പി.റ്റി. ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 01.11.2006 | 2838 | | | | | | 2838 | |
| 2001-02 | 2-9 | ശ്രീമതി. പി.റ്റി. ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 01.11.2006 | 1841 | | | | | | 1841 | |
| 2008-09 | 3-9 | ശ്രീ. കെ. എം. ഉഷാനന്ദൻ അസി.എഞ്ചിനീയർ | LF.22683 Spl.Cell/ CSC/C1/ 2012 19.06.2014 | 3660 | | | | | | 3660 | |
| 2012-13 | 3.1 | ശ്രീ. രാജൻ വർഗ്ഗീസ് | LF.10878 Spl.Cell/ CSC/C1/ 2015 14.07.2017 | 51728 | | | | | | 51728 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹33585602.00 |
| വരവ് | ₹95776620.00 |
| ആകെ | ₹129362222.00 |
| ചെലവ് | ₹102490349.00 |
| നീക്കിയിരിപ്പ് | ₹26871873.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹18244.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | - ഇല്ല - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 18244 | ശ്രീമതി അഞ്ജലി പി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| - ഇല്ല - | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ
- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അഞ്ജലി പി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>മണിമല ഗ്രാമപഞ്ചായത്ത്,<br>കോട്ടയം ജില്ല | പുത്തൻപുരയ്ക്കൽ<br>പതിപ്പള്ളി പി. ഒ.<br>മൂലമറ്റം, ഇടുക്കി ജില്ല-685589 |
| ശ്രീ. അജി കെ. തോമസ്<br>സെക്രട്ടറി | സെക്രട്ടറി<br>വില്ലിയപ്പള്ളി ഗ്രാമപഞ്ചായത്ത് | കരിവേലിൽ<br>വെള്ളയാംകുടി പി. ഒ.<br>കട്ടപ്പന |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ.-6/202/2002/ 20.07.2000 | 8 | 20എ, 21സി, 23, 24, 27എ, ബി, സി, ഡി 29, 34, 36 |
| 1999-2000 | എൽ.എഫ്.ഐ.-6/562/2000/31.07.2000 | 1 | 26 |
| 2001-02 | എൽ.എഫ്.ഐ.-6/281/04/09.02.2005 | 2 | 2-2, 2-9 |
| 2003-04 | എൽ.എഫ്.ഐ.-8/40/06/02.11.2006 | 2 | 3-12, 3-14 |
| 2004-05 | എൽ.എഫ്.ഐ.-8/1022/06/01.06.2007 | 1 | 3-3 |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 3 | 3-4, 3-6 (1, 2), 3-7 (1, 2) |
| 2007-08 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 2 | 3-9, 3-10 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 1 | 3-9 |
| 2010-11 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 2 | 3-3, 3-4 |
| 2011-12 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 5 | 2-2, 3-1, 3-5, 3-8, 3-13 |
| 2012-13 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 1 | 3-1 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 1 | 3-5 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 3 | 2-3, 3-3, 3-6 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 (2018-19 അദാലത്ത്) തീ.13.09.2022 | 3 | 1-12, 1-15, 1-18 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ-13/535/2021 തീയതി. 30.06.2021 | 19 | 1-3-4, 1-3-5, 1-11, 1-12, 1-14 മുതൽ 1-24 വരെ, 4-8, 4-9, 4-10, 4-11 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-9/691/2022 തീ. 23.05.2022 | 23 | 1-1 മുതൽ 1-22 വരെ, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്